വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): എന്ത് അടിസ്ഥാനത്തിലാണെന്നറിയണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: അത് ഞാൻ പറയുമ്പോഴും മനസ്സിലാകും. അത് കേൾക്കാൻ മനസ്സില്ലെങ്കിൽ പെവിപൊത്തി ഇരുന്നാൽ മതി. ശ്രീ. ബാലകൃഷ്ണപിള്ളയെ സംസാരിക്കാൻ അനുവദിക്കുന്നതിനെപ്പറ്റി സഭാനേതാവിന്റെ അഭിപ്രായം ആരാഞ്ഞു. സഭാനേതാവ് അത് അനുവദിക്കേണ്ട കാര്യമില്ലെന്നും സ്പീക്കർ തീരുമാനിച്ചാൽ മതിയെന്നും പറഞ്ഞു. ഒരു മെമ്പർക്ക് സംസാരിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് ഈ സമയത്തെ സഭാനടപടികളിൽ പങ്കെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ സമയത്തേയ്ക്ക് സഭയിൽനിന്നും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ടി.കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ.എ. റഹീം: ഇവിടെ ഉന്നയിച്ച ഒരു പ്രശ്നത്തെക്കുറിച്ച് ഒരു പ്രതിപക്ഷ പാർട്ടിയുടെ നേതാവിനുകൂടി അഭിപ്രായം പറയുവാനുള്ള അവകാശം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപെട്ടവരും സഭയിൽനിന്നും ഇറങ്ങിപ്പോവുകയാണ്. [കോൺഗ്രസ് (ഐ) യിലെ അംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് ഇറങ്ങിപ്പോയി. കൂടാതെ ജനതാപാർട്ടിയിൽപ്പെട്ട അംഗങ്ങളും, പ്രതിപക്ഷ മുസ്ലീം ലീഗിൽപ്പെട്ട അംഗങ്ങളും, എൻ.ഡി.പി. (ലീഡർ ശ്രീ. എൻ. ഭാസ്കരൻ നായർ) യിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി].

ശ്രീ. കെ. പങ്കജാക്ഷൻ: റൂളിംഗിനെപ്പറ്റി സംസാരിക്കുവാൻ സ്പീക്കറുടെ അനുവാദം വേണം. സ്പീക്കറുടെ അനുവാദം കൂടാതെ ഒരു പാർട്ടിയിൽപെട്ടവർക്കും സംസാരിക്കുവാനവകാശമില്ല.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സ്പീക്കറുടെ റൂളിംഗിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നത് ആർഡറിലാണോ?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോകുമ്പോൾ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് സ്പീക്കറുടെ റൂളിംഗിലുള്ള പ്രതിഷേധംകൊണ്ട് ഇറങ്ങിപ്പോകുന്നു എന്നാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. അവർ പോയിയെങ്കിലും ഇത് ഒരു ഗൗരവമുള്ള പ്രശ്നമാണ്. ഒരു റൂളിംഗ് നൽകുന്നതിന് അങ്ങ് ആരുടെയെങ്കിലും അഭിപ്രായം ചോദിക്കാതെ ഒരു ചർച്ച അനുവദിക്കുവാൻ നിയമസഭാ നടപടിക്രമം അനുസരിച്ച് അവകാശപ്പെടാൻ ആർക്കെങ്കിലും അവകാശമുണ്ടോ?

മി. ഡെ. സ്പീക്കർ: അങ്ങനെ ആർക്കും അവകാശമില്ല. ആരെങ്കിലും ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ, അഭിപ്രായം അറിയണമെന്നു ചെയറിന് ആവശ്യമുണ്ടെങ്കിൽ ചെയർ ചോദിക്കുന്നതനുസരിച്ച് പറഞ്ഞതിനുശേഷം മാത്രമാണ് റൂളിംഗ് നൽകുന്നത്. അതിനെക്കുറിച്ച് വ്യക്തമായി നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly